"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ജീവനക്കാര്യം - മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് - കൊല്ലം കളക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. രതീഷ് കുമാർ എസ്. എസ്. ന്റെ മകന്റെ ചികിത്സ കൊല്ലം ട്രാവൻകൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടത്തിയതിന് ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (റ്റി) വകുപ്പ്

സ.ഉ.(സാധാ) നം.1213/2024/RD തീയതി,തിരുവനന്തപുരം, 21-05-2024

---

പരാമർശം:-
1. ശ്രീ. രതീഷ് കുമാർ എസ്. സമർപ്പിച്ച 10.12.2021 ലെ അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 30.07.2022 ലെ (എൽ.ഡിസ്) എം.ആർ.4/92453/2021/ആ.വ.ഡ. നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 29.04.2023, 09.03.2024 എന്നീ തീയതികളിലെ എൽ.ആർ./4967/2023-എൽ.ആർ.(ജി7) നമ്പർ കത്തുകൾ.

**ഉത്തരവ്**

റവന്യൂ വകുപ്പിൽ കൊല്ലം കളക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. രതീഷ് കുമാർ എസ്. എസ്. ന്റെ മകന്റെ ചികിത്സ കൊല്ലം ട്രാവൻകൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 11/08/2021 മുതൽ 13/09/2021 വരെ നടത്തിയതിന് ചെലവായ ₹2,82,378/- റീ-ഇമ്പേഴ്സ് ചെയ്യുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട് സഹിതം അനുമതിക്കായി പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കൊല്ലം കളക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. രതീഷ് കുമാർ എസ്. എസ്. ന്റെ മകന്റെ 'acute meningitis and renal failure' ചികിത്സ കൊല്ലം ട്രാവൻകൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 11.08.2021 മുതൽ 13.09.2021 വരെയുള്ള കാലയളവിൽ നടത്തിയതിന് 1960 ലെ കെ. ജി. എസ്. എം. എ. ചട്ടങ്ങളിൽ ഇളവ് വരുത്തി ഒരു പ്രത്യേക കേസായി പരിഗണിച്ച് മുൻകാല പ്രാബല്യാനുമതി നല്കിയും, പ്രസ്തുത ചികിത്സയ്ക്ക് ചെലവായ 2,82,378/- രൂപയിൽ പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ 90,294/- രൂപയുടെ 80 ശതമാനമായ ₹72,235/- (എഴുപത്തി രണ്ടായിരത്തി ഇരുന്നൂറ്റി മുപ്പത്തി അഞ്ച് രൂപ) മാത്രം പ്രതിപൂരണം ചെയ്ത് നൽകാൻ അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിസ്സാർ .എ
അണ്ടർ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകൾ സഹിതം)
ജില്ലാ കളക്ടർ, കൊല്ലം.
ശ്രീ. രതീഷ് കുമാർ എസ്. എസ്., ഓഫീസ് അറ്റൻഡന്റ്, ജില്ലാ കളക്ടറുടെ കാര്യാലയം, കൊല്ലം. (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (20.04.2024 ലെ 2755804/ലോൺസ്-എൽ1/92/2024-ധന നമ്പർ റിമാർക്സ് പ്രകാരം)
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്. (05.01.2024 ലെ ജി2/829/2023/ഹെൽത്ത് നമ്പർ റിമാർക്സ് പ്രകാരം)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(REV-T1/104/2023-REV)

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 22-05-2024 10:46:33

സെക്ഷൻ ഓഫീസർ